# തിരക്കഥയിലെ കഥ

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, ***D.Sc., Ph.D.***]

“പുലരി കാക്കാൻ കാത്തിരുന്ന കാവൽക്കാരൻ”
ഹൃദയസ്തംഭനത്താൽ പാതിരായ്ക്കു പടിയിറങ്ങവേ
നാൽക്കവലയിലെ വഴിത്തിരിവിൽ അവളുടെ നിശ്വാസം
മൂന്നാംനിലയിൽ മുനിയുന്ന *ലാംബ്* അണയ്ക്കുന്നു.
കീശാമുറിയിൽ അകതാരിലെ *ഡ്യൂപ്ലിക്കേറ്റ് കീ*
കിളിവാതിലിലൂടെ അയാൾ *ബൌൾ* ചെയ്തെയ്തത്
മുയൽച്ചക്ക പോലെ സുന്ദരിക്കൊച്ചു *കേച്ച്*.

*ഗേറ്റ്* തുറക്കുന്ന ശീൽക്കാര വിന്യാസം
വാതിലിൽ മുട്ടുന്ന ശിങ്കാരി മേളം.

പാദുകമഴിക്കുന്നില്ലെന്നവൾ:
പാദപങ്കത്തേക്കാളേറെ
പാപക്കറക്കരത്തിന്റെ
വിഴുപ്പുധൂളി *സോക്സിൽ*.
കല്പിച്ചു പിന്നിച്ച *ജീൻസി*ന്റെ
ലോഹക്കുടുക്കു,ക്കുരുക്കഴിക്കാൻ
കൂട്ടിവായനയ്ക്കപ്പുറം പഠിക്കണം.
അടിവസ്ത്രക്കുളിരിൽ ഹിമകണങ്ങൾ
മേലാടക്കച്ചയിൽ വിയർപ്പു ഗോളം.
ആൺ*ക്രോപ്പു* മുടിയിൽ ജരാനര
പെൺക്കരിച്ചായന്നിഴൽച്ഛായ.

കഥയേറെയുണ്ട് പറവാൻ,
അതുക്കു മുന്നേ എല്ലാം മറന്ന്
തളർന്നുറങ്ങാൻ
നെഞ്ചകമൂന്നി
കിടക്കയിൽ കമിഴ്ന്ന്
കൈ വിരിച്ച്

കാലകത്തി
കാലത്തെയകറ്റി
കാലനെ മറന്ന്
സുഖശീതള വിശ്രമശ്ശയനം
ഉറക്കുപാട്ടില്ലാതെ
അസ്തമനം വരെ.
**************************************************